കേരളോത്സവം സമാപിച്ചു

കൊച്ചി : കൊച്ചി നഗര സഭയും സംസ്ഥാന യുവജന ക്ഷേമ വകുപ്പും ചേർന്ന് സംഘടിപ്പിച്ച കേരളോത്സവം സമാപിച്ചു. നാലുദിവസമായി നടന്ന വർണശബളമായ കല-കായിക മത്സരങ്ങളായിരുന്നു കേരളോത്സവത്തിൽ ഉണ്ടായിരുന്നത്. ഡെപ്യൂട്ടി മേയർ കെ എ അൻസിയ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ വികസന കാര്യ കമ്മിറ്റി ചെയർമാൻ പി ആർ റെനിഷ് അധ്യക്ഷനായിരുന്നു.

ക്ഷേമകാര്യ സമിതി ചെയർപേഴ്സൺ ഷീബ ലാൽ, നികുതി അപ്പീൽ സമിതി ചെയർപേഴ്സൺ പ്രിയ പ്രശാന്ത്, കൗൺസിലർമാരായ മേഴ്സി ടീച്ചർ, പദ്മജ എസ് മേനോൻ,ശാന്ത ടീച്ചർ, ലതിക ടീച്ചർ, രജനി മണി, ജോർജ് നാനാട്ട്, ലൈല ദാസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ചെയർമാൻ വി എ ശ്രീജിത്ത് സ്വാഗതം ആശംസിച്ച ചടങ്ങിൽ സി ഡി എസ് നിസ നന്ദിയും അറിയിച്ചു. കല -കായിക മത്സരങ്ങളിൽ വിജയിച്ചവർക്ക് ഡെപ്യൂട്ടി മേയറും, കൗൺസിലർമാരും ചേർന്ന് സമ്മാന ദാനം നടത്തി.

അവകാശങ്ങൾ നേടിയെടുക്കാൻ ഈഴവ സമുദായം വോട്ട് ബാങ്കാവണം: വെള്ളാപ്പള്ളി നടേശൻ

ചേർത്തല: സാമുദായിക ശക്തി സമാഹരണത്തിലൂടെ ഈഴവ സമുദായം വോട്ടുബാങ്കായി മാറിയാൽ മാത്രമെ അവകാശ അധികാരങ്ങൾ നേടിയെടുക്കാനാകുകയുള്ളൂവെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ.

കണിച്ചുകുളങ്ങര യൂണിയന്റെ നേതൃത്വത്തിൽ കണിച്ചുകുളങ്ങര സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ഏകദിന പഠന ക്യാംപ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആദർശ രാഷ്ട്രീയം മാറി ഇന്ന് അവസരവാദ രാഷ്ട്രീയമാണ്. അതിന് അടവുനയമെന്നാണ് പറച്ചിൽ. ജനാധിപത്യം മരിച്ചു. ഇന്ന് മാതാധിപത്യമാണ് വാഴുന്നത്. മതാധിപത്യം ജനാധിപത്യത്തെ ഹൈജാക്ക് ചെയ്ത് മുന്നേറുകയാണ്. ന്യൂനപക്ഷങ്ങൾ എല്ലാവരും ഒന്നിച്ചുനിന്ന് അവരുടെ അവകാശങ്ങൾ പിടിച്ചു വാങ്ങുകയാണ്. എന്നാൽ ഈഴവർ വെറും വോട്ടു കുത്തികളായി മാറി. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ എല്ലാം തകർച്ചയുടെ വക്കിലാണ്. കരപ്പുറത്തെ പ്രധാന വ്യവസായമായ കയർ മേഖല തകർന്നു തരിപ്പണമായി.ഇതിന്റെ ദുരന്തം മുഴുവൻ അനുഭവിക്കുന്നത് നമ്മുടെ സമുദായമാണ്.

സാമൂഹീക സാമ്പത്തീക രാഷ്ട്രീയ വിദ്യാഭ്യാസ നീതി നേടിയെടുക്കാൻ ഒന്നായി നിന്ന് പോരാടണമെന്നും വെള്ളാപ്പള്ളി പറഞ്ഞു. യൂണിയൻ പ്രസിഡന്റ് വി.എം.പുരുഷോത്തമൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് പി.കെ.ധനേശൻ, യോഗം ഇൻസ്പെക്റ്റിംഗ് ഓഫീസർ കെ.കെ.പുരുഷോത്തമൻ എന്നിവർ സംസാരിച്ചു.

കണിച്ചുകുളങ്ങര എസ്എൻഡിപി യൂണിയന്റെ നേതൃത്വത്തിൽ സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ഏകദിന പഠന ക്യാംപ് വെള്ളാപ്പള്ളി നടേശൻ ഉദ്ഘാടനം ചെയ്യുന്നു.

ലയൺസ് ഗ്രോ ഗ്രീൻ പദ്ധതി ആരംഭിച്ചു

അങ്കമാലി: ലയൺസ് ഗ്രോ ഗ്രീൻ പദ്ധതി ആഴകം ഗവൺമെന്റ് യുപി സ്കൂളിൽ ആരംഭിച്ചു. ആഴകം - മൂക്കന്നൂർ ലയൺസ് ക്ലബ്ബിന്റെ പദ്ധതിയായ ലയൺസ് ഗ്രോ ഗ്രീൻ പ്രോജക്ടിന്റെ ഭാഗമായി ആഴകം ഗവൺമെന്റ് യുപി സ്കൂളിന് ലയൺസ് ക്ലബ് ഭാരവാഹികൾ പച്ചക്കറി തൈകൾ നിറച്ച ഗ്രോ ബാഗ് വിതരണം ചെയ്തു.

മൂക്കന്നൂർ ലൈൻസ് ക്ലബ് പ്രസിഡന്റ് മാർട്ടിൻ പോൾ പൈനാടത്ത് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. പിടിഎ പ്രസിഡന്റ് സിനോ പൗലോസ് അധ്യക്ഷതവഹിച്ച ചടങ്ങിൽ ഹെഡ്മിസ്ട്രസ് റീനമോൾ എം കെ സ്വാഗതം ആശംസിച്ചു. ലയൺസ് ക്ലബ് സെക്രട്ടറി ബൈജു ചാക്കോ, ട്രഷറർ ശ്രീ ജോസ് പി എൽ, ഭാരവാഹികളായ ഷമ്മി പോൾ, കെ ടി ഇട്ടുപ്പ് തുടങ്ങിയവരുടെ സാന്നിധ്യത്തിൽ സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ബാഗ് ഏറ്റുവാങ്ങി തൈകൾ നട്ടു. സീനിയർ അസിസ്റ്റന്റ് സുഷമ കെ എസ് ചടങ്ങിന് നന്ദി രേഖപ്പെടുത്തി.

ഉപജില്ലാ സ്കൂൾ കലോത്സവത്തിന് തുടക്കം

കൂത്താട്ടുകുളം: കൂത്താട്ടുകുളം ഉപജില്ലാ സ്കൂൾ കലോത്സവത്തിന് തുടക്കമായി. വടകര സെന്റ് ജോൺസ് ഹയർ സെക്കൻഡറി സ്കൂളിലാണ് മത്സരങ്ങൾ നടക്കുന്നത്. കലോത്സവത്തിന്റെ ഉദ്ഘാടനം അനൂപ് ജേക്കബ് എംഎൽഎ നിർവഹിച്ചു.തിരുമാറാടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് രമ മുരളീധരകൈമൾ അധ്യക്ഷയായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഉല്ലാസ് തോമസ് മുഖ്യ പ്രഭാഷണം നടത്തി.

മുൻ എംഎൽഎ എം ജെ ജേക്കബ്, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ സന്ധ്യാ മോൾ പ്രകാശ്, ജോയി സി വി, നിവിൻ ജോർജ്, ബ്ലോക്ക് പഞ്ചായത്ത് അംഗം സിബി ജോർജ്, നഗരസഭ കൗൺസിലർ മരിയ ഗോരോത്തി, ജിജോ ടി ബേബി, സാജു സി അഗസ്റ്റിൻ, ബോബി ജോർജ്, എ വി മനോജ് തുടങ്ങിയവർ സംസാരിച്ചു.

തൃപ്പൂണിത്തുറ ശ്രീ പൂർണത്രയീശ ക്ഷേത്രത്തിലെ വൃശ്ചികോത്സവത്തിന് ക്ഷേത്രം തന്ത്രി പുലിയന്നൂർ അനുജൻ നാരായണൻ നമ്പൂതിരി കൊടിയേറ്റുന്നു.

കൊച്ചിയിൽ മോഡലിങ്ങിന്റെ മറവിൽ വൻ സെക്സ് റാക്കറ്റ്

പ്രത്യേക ലേഖകൻ

കൊച്ചി: കൊച്ചിയിൽ മോഡലിംഗിന്റെ മറവിൽ വൻ സെക്സ് റാക്കറ്റെന്ന് പൊലീസ്. ഇതുമായി ബന്ധപ്പെട്ട് വ്യാപകമായ അന്വേഷണം നടത്തുമെന്ന് കമ്മീഷണർ. ദിവസങ്ങൾക്ക് മുമ്പ് 19കാരിയായ മോഡൽ കൊച്ചിയിൽ വച്ച് കൂട്ട ബലാത്സംഗത്തിന് ഇരയായ സംഭവത്തെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് വൻ സെക്സ് റാക്കറ്റിന്റെ സാന്നിധ്യം വ്യക്തമായത്. കേരളത്തിലെ മോഡലിംഗിന്റെ പ്രധാന ഹബ്ബാണ് ഇപ്പോൾ കൊച്ചി. ഇതര സംസ്ഥാനങ്ങളിൽ നിന്നടക്കം യുവതികളെ എത്തിച്ചാണ് ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നത്. മോഡലിംഗ് രംഗത്തേക്ക് കടക്കണമെന്നാഗ്രഹിക്കുന്ന യുവതികളെ ഭീഷണിപ്പെടുത്തിയാണ് പലർക്കും കൈമാറുന്നത്. കൊച്ചിയിൽ സംഘടിപ്പിക്കുന്ന ഡിജെ പാർട്ടിക്ക് എത്തിച്ചാണ് ഈ സംഘം ഇടപാടുകൾ നടത്തുന്നത്. അറസ്റ്റിലായവരുടെ മൊബൈൽ ഫോൺ പരിശോധിച്ചപ്പോൾ ഇത് സംബന്ധിച്ച നിർണായക വിവരങ്ങൾ അന്വേഷണ സംഘത്തിന് ലഭിച്ചിട്ടുണ്ട്. കേസിൽ പ്രതിയായ ഡോളി എന്നറിയപ്പെടുന്ന ഡിംപിൾ ലാംബ കൊച്ചിയിൽ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ച ലഹരി പാർട്ടികളിൽ പങ്കെടുത്തിട്ടുണ്ട്. കേസിലെ പ്രതികളായ വിവേകും ഡിംപിളും നേരത്തെ പരിചയക്കാരാണ്. ഇരുവരും ഒരുമിച്ച് യാത്രകൾ നടത്തിയതിന്റെ തെളിവും പൊലീസിന് ലഭിച്ചിട്ടുണ്ട്. പരാതിക്കാരിക്കും രണ്ട് പേരെയും അറിയാമായിരുന്നു. തന്നെ പാർട്ടിക്കായി എത്തിച്ചത് ഡിംപിളാണെന്നാണ് പരാതിക്കാരി നൽകിയ മൊഴിയിൽ പറയുന്നത്. നാല് പ്രതികളെയും കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്താൽ കൂടുതൽ വിവരങ്ങൾ പുറത്തുവരും. ഇതിന് വേണ്ടി കസ്റ്റഡി അപേക്ഷ കോടതിയിൽ സമർപ്പിച്ചു. പ്രതികളെ 14 ദിവസത്തേക്കാണ് റിമാൻഡ് ചെയ്തത്. അതേസമയം, കൊച്ചിയിൽ സംഘടിപ്പിക്കുന്ന എല്ലാ ഡിജെ പാർട്ടികളിലും ഡിംപിൾ സജീവ സാന്നിധ്യമാണ്. ചില ഫാഷൻ ഷോകളുടെ പരസ്യത്തിൽ ഡിംപിളിന്റെ ഫോട്ടോകളും ചേർക്കാറുണ്ട്.

ആരോപണ വിധേയമായ ഹോട്ടലും പൊലീസ് നിരീക്ഷിച്ചു വരുകയാണ്. കഴിഞ്ഞദിവസം ഹോട്ടലിൽ പൊലീസും എക്സൈസും പരിശോധന നടത്തിയിരുന്നു. ലഹരി ഇടപാടുകൾ നടന്നോ എന്നും അന്വേഷണ സംഘം പരിശോധിക്കും. വ്യാഴാഴ്ച രാത്രിയാണ് യുവ മോഡൽ കാറിനകത്ത് ബലാത്സംഗത്തിനിരയാകുന്നത്.

ജോബ് വിസയ്ക്കു പകരം ബിസിനസ് വീസ നൽകി

ലക്ഷങ്ങൾ തട്ടിയ യുവതി അറസ്റ്റിൽ

കൊച്ചി: പോളണ്ടിൽ തൊഴിൽ വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയെടുത്ത കേസിൽ യുവതി പിടിയിൽ. വാഴക്കാല മലയിൽ വീട്ടിൽ ജീന തോമസ് (45) ആണ് അറസ്റ്റിലായത്.

കളമശേരിയിൽ കുസാറ്റ് ജംക്ഷനു സമീപം പ്രവർത്തിക്കുന്ന ജോസ് കൺസൽറ്റൻസി എന്ന സ്ഥാപനത്തിന്റെ ജനറൽ മാനേജരാണു ജീന. ഇവരെ റിമാൻഡ് ചെയ്തു.

തിരുവല്ല തിരുമൂലപുരം തടത്തിൽ ഡേവിഡ് ജോസഫിന്റെ പരാതിയിലാണ് നടപടി. കൺസൽറ്റൻസി സ്ഥാപന ഉടമയും ജീവനക്കാരും ചേർന്നു ലക്ഷങ്ങൾ തട്ടിയെടുത്തെന്നാണ് പരാതിയിൽ പറയുന്നത്. ഡേവിഡിൽ നിന്നു 3.9 ലക്ഷം രൂപയും സഹോദരങ്ങളുടെ പക്കൽനിന്നു ഓരോ ലക്ഷം രൂപയുമാണ് തട്ടിയെടുത്തത്.

പണം കൈപ്പറ്റിയ ശേഷം, പോളണ്ടിൽ പോകാൻ കാലതാമസം ഉണ്ടെന്നും റഷ്യയ്ക്കു പോകാൻ താൽപര്യമുണ്ടോയെന്നും സ്ഥാപനം ആരാഞ്ഞു.

ഡേവിഡ് ജോസഫ് താൽപര്യം പ്രകടിപ്പിച്ചെങ്കിലും സഹോദരങ്ങൾ പോകുന്നില്ലെന്ന് അറിയിച്ചു. സഹോദരങ്ങളുടെ പാസ്പോർട്ട് തിരികെ ക്കിട്ടിയെങ്കിലും പണം ലഭിച്ചില്ല. ഡേവിഡ് ജോസഫിനു ജോബ് വിസ എന്നു പറഞ്ഞു ബിസിനസ് വിസയായിരുന്നു നൽകിയത്. സ്ഥാപനത്തിലെത്തി ബഹളം വച്ചപ്പോൾ 2 ലക്ഷം രൂപയുടെ ചെക്ക് ലഭിച്ചെങ്കിലും അതും പറ്റിക്കാനായിരുന്നുവെന്നാണ് ഡേവിഡ് പറയുന്നത്.

തട്ടിപ്പിൽ പങ്കാളികളായ സ്ഥാപന ഉടമ ജോസ്, ജീവനക്കാരായ തസ്നി, സംഗീത, അഗസ്റ്റിൻ എന്നിവർ ഒളിവിലാണ്. വിദേശത്തേക്കു ആളുകളെ കൊണ്ടുപോകുന്നതിനുള്ള അനുമതിപത്രങ്ങളൊന്നും സ്ഥാപനത്തിനില്ലെന്ന് അന്വേഷണത്തിൽ കണ്ടെത്തിയതായും പൊലീസ് വ്യക്തമാക്കി.

വിദ്യാർത്ഥിനിയെ പീഡിപ്പിച്ച സംഭവം

ഒളിവിൽ കഴിഞ്ഞ അധ്യാപകൻ പിടിയിൽ

കൊച്ചി : തൃപ്പൂണിത്തുറയിൽ പ്ലസ് വൺ വിദ്യാർത്ഥിനിയോട് ലൈംഗികാതിക്രമം നടത്തിയെന്ന കേസിൽ ഒളിവിലായിരുന്ന അധ്യാപകൻ അറസ്റ്റിൽ. അധ്യാപകൻ കിരണിനെ നാഗർകോവിലിലെ ബന്ധു വീട്ടിൽ നിന്നാണ് പിടികൂടിയത്. തൃപ്പൂണിത്തുറ ഹിൽപാലസ് പൊലീസ് ആണ് ഇയാളെ പിടികൂടിയത്. 16നാണ് ഇയാൾ പെൺകുട്ടിയോട് ലൈംഗികാതിക്രമം നടത്തിയത്. കലോത്സവത്തിൽ പങ്കെടുത്ത് മടങ്ങുമ്പോളാണ് അധ്യാപകൻ കുട്ടിയോട് മോശമായി പെരുമാറിയതെന്നാണ് പരാതിയിൽ വ്യക്തമാക്കുന്നത്. പട്ടിമറ്റം സ്വദേശിയായ അധ്യാപകനാണ് കിരൺ.

ഖത്തർ കാർണിവൽ റോഡ് ഷോയും, പെനാൽറ്റി ഷൂട്ട് ഔട്ട് മത്സരവും സംഘടിപ്പിച്ചു

മുളന്തുരുത്തി: ലോകകപ്പ് ഫുട്ബോൾ മത്സരത്തെ വരവേറ്റു കൊണ്ട് ഡി.വൈ.എഫ്.ഐ. മുളന്തുരുത്തി മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മുളന്തുരുത്തിയിൽ ഖത്തർ കാർണിവൽ റോഡ് ഷോയും , കട്ട് പോസ്റ്റ് പെനാൽറ്റി ഷൂട്ട് ഔട്ട് മത്സരവും സംഘടിപ്പിച്ചു.

മുളന്തുരുത്തി ബസ്സ് സ്റ്റാന്റിൽ നിന്ന് ആരംഭിച്ച റോഡ് ഷോ ഡി.വൈ.എഫ്.ഐ. തൃപ്പൂണിത്തുറ ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റ് വൈശാഖ് മോഹൻ ഫ്ലാഗ് ഓഫ് ചെയ്തു. റോഡ് ഷോ മുളന്തുരുത്തി കരവട്ടെ കുരിശിൽ സമാപിച്ചതിനു ശേഷം നടന്ന കട്ട് പോസ്റ്റ് പെനാൽറ്റി ഷൂട്ട് ഔട്ട് മത്സരം ഫുട്ബോൾ

സ്റ്റേറ്റ് ചാമ്പ്യൻഷിപ്പ് പ്ലേയറും അണ്ടർ 16 ജില്ലാ ഫുട്ബോൾ ടീം വൈസ് ക്യാപ്റ്റനുമായ അലോഷി റെജി ഉദ്ഘാടനം ചെയ്തു.

ഗ്രാമ പഞ്ചായത്ത് അംഗവും ഡി.വൈ.എഫ്.ഐ. മേഖലാ പ്രസിഡന്റുമായ ലിജോ ജോർജ് അദ്ധ്യക്ഷത വഹിച്ചു. മേഖലാ സെക്രട്ടറി അരുൺ പോട്ടയിൽ , ഡി.വൈ.എഫ്.ഐ. ബ്ലോക്ക് കമ്മിറ്റി അംഗം രാഹുൽ സത്യൻ, ഫുട്ബോൾ പരിശീലകൻ ആദിത്യൻ കൃഷ്ണൻ , പഞ്ചായത്ത് അംഗം ജോയൽ കെ ജോയി, മേഖലാ കമ്മിറ്റി അംഗം വിഷ്ണു ഹരിദാസ്, അജിത്ത് പെരുമ്പിള്ളി, എം.എൻ. ജീവൻ എന്നിവർ സംസാരിച്ചു. എഡ് വിൻ ഡാനി ,ലാൽ തലക്കോട് എന്നിവർ പെനാൽറ്റി ഷൂട്ട് ഔട്ട് മത്സരത്തിൽ യഥാക്രമം ഒന്നും, രണ്ടും സ്ഥാനം നേടി.

പൂർണത്രയീശ ക്ഷേത്രത്തിൽ കൊടിയേറി

രാജനഗരി ഉത്സവ ലഹരിയിൽ

തൃപ്പൂണിത്തുറ: ശ്രീപൂർണത്രയീശ ക്ഷേത്രത്തിലെ ഈ വർഷത്തെ വൃശ്ചികോത്സവത്തിന് കൊടിയേറി. തന്ത്രി പുലയന്നൂർ അനുജൻ നാരായണൻ നമ്പൂതിരിപ്പാട്, മേൽശാന്തി രഘുപതി എമ്പ്രാന്തിരി, കീഴ് ശാന്തി ദിനേശൻ എമ്പ്രാന്തിരി, വാസുദേവൻ മൂസത്, മേനോക്കി ശിവശങ്കരൻ, ദേവസം ഓഫീസർ സുധീർ മേലേപ്പാട്ട്, എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു കൊടിയേറ്റ് കർമം നടന്നത്. കൊവിഡിനെ തുടർന്ന് പോയ രണ്ടുവർഷം ചടങ്ങുകൾ മാത്രമായിരുന്നു നടന്നത്. എന്നാൽ ഇത്തവണ വളരെ വിപുലമായ രീതിയിലാണ് ദേവസ്വവും ക്ഷേത്ര ഉപദേശക സമിതിയും ഉത്സവത്തിനുള്ള ഒരുക്കങ്ങൾ നടത്തിയിട്ടുള്ളത്. ഇന്നലെ രാവിലെ ബ്രഹ്മകലശത്തിനുശേഷം, 10.30 മുതൽ 2 മണി വരെ പെരുവനം കുട്ടൻ മാരാരുടെയും സംഘത്തിന്റെയും പഞ്ചാരിമേളം നടന്നു. തുടർന്ന് ഓട്ടൻ തുള്ളൽ, അക്ഷരശ്ലോക സദസ് , നാദസ്വരം, സംഗീത കച്ചേരി, സംഗീതാർച്ചന. തുടർന്ന് കലാപരിപാടികളുടെ ഉദ്ഘാടനം മഹദ് വ്യക്തികളെ ആദരിക്കൽ, കലാപരിപാടികൾ, തായമ്പക, , 9.30 മുതൽ വിളക്കിനെഴുന്നള്ളിപ്പ് എന്നിവ നടന്നു.

ഇന്ന് രാവിലെ 7.30 മുതൽ 11.30 വരെ ശ്രീബലി തിരുവല്ല രാധാകൃഷ്ണൻമാരാരുടെയും സംഘത്തിന്റെയും പാഞ്ചരി മേളം, ഓട്ടൻതുള്ളൽ, 2 മുതൽ ഉത്സവബലി തുടർന്ന് അക്ഷര ശ്ലോക സദസ് , സംഗീത കച്ചേരി, നാദസ്വരം, സംഗീതകച്ചേരി, പുല്ലാങ്കുഴൽ കച്ചേരി, ഡബിൾ തായസക, വിളക്കിനെഴുന്നെള്ളിപ്പ് എന്നിവ നടക്കും.

ബാങ്ക് ഓഫ് ബറോഡയുടെ കേരളത്തിലെ ആദ്യത്തെ മിഡ് കോർപ്പറേറ്റ് ബ്രാഞ്ച് എറണാകുളം എം ജി റോഡിൽ ബാങ്ക് ഓഫ് ബറോഡ എക്സിക്യൂട്ടീവ് ഡയറക്ടർ ദേവദത്ത് ചന്ദ് ഉദ്ഘാടനം ചെയ്യുന്നു മിഡ് കോർപ്പറേറ്റ് സൗത്ത് ജനറൽ മാനേജർ എസ് രംഗരാജൻ സോണൽ ഹെഡ് ശ്രീജിത്ത് കൊട്ടാരത്തിൽ എന്നിവർ സമീപം.

പിറവത്ത് കോൺഗ്രസുകാർ കസേര കൊണ്ട് തമ്മിൽത്തല്ലി

പിറവം: പിറവത്ത് കോൺഗ്രസിൽ തമ്മിലടി. മുൻ നഗരസഭ ചെയർമാൻ സാബു എം ജേക്കബിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ടാണ് സംഘർഷമുണ്ടായത്. സാബു എം ജേക്കബിനെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും ഏറ്റുമുട്ടുന്ന സ്ഥിതിയുണ്ടായി. പാർട്ടി വിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ സാബു ജേക്കബിന് ഡിസിസി നേതൃത്വം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.കഴിഞ്ഞ ദിവസമാണ് ഡിസിസി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് സാബു ജേക്കബിന് കത്ത് നൽകിയത്. ഈ നോട്ടീസ് ചർച്ച ചെയ്യുന്നതിനാണ് യോഗം ചേർന്നത്. ചർച്ചയിക്കിടെയുണ്ടായ വലിയ വാക്പോര് കയ്യാങ്കളിയിൽ കലാശിക്കുകയായിരുന്നു. പ്രവർത്തകർ ചേരിതിരിഞ്ഞ് പരസ്പരം കസേരകൾ കൊണ്ട് ആക്രമിച്ചു. പലരും തമ്മിൽ ഉന്തും തള്ളുമുണ്ടായി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മാണി കോൺഗ്രസിനായി പ്രവർത്തിച്ചുവെന്നത് അടക്കമുള്ള ആരോപണങ്ങളാണ് സാബു ജേക്കബിനെതിരെ ഉയർന്നത്. നേതാക്കൾ ഇടപെട്ട് പ്രശ്നം താത്ക്കാലികമായി അവസാനിപ്പിച്ചിട്ടുണ്ട്.

ടുക്സി സേവനം ഇനി മുതൽ പറവൂരിലും

കൊച്ചി : ഓൺലൈൻ ടാക്സി സേവന രംഗത്ത് സ്വീകാര്യമായ ടുക്സി ഇനി മുതൽ പറവൂരിലും. യാത്രക്കാർക്കും ഡ്രൈവർമാർക്കും ഒരുപോലെ സ്വീകാര്യമായി ടാക്സി ബുക്കിങ് ആപ്ലിക്കേഷനായ ടുക്സിയുടെ കൊച്ചി നഗരത്തിന് പുറത്തേക്ക് എറണാകുളം ജില്ലയിലെ ആദ്യ വിപുലീകരണമാണ് പറവൂരിലേത്. നിലവിൽ കൊച്ചി നഗരത്തിൽ നിരവധി ടുക്സി ഓട്ടോറിക്ഷകളാണ് സർവീസ് നടത്തി വരുന്നത്. പറവൂരിൽ ആദ്യ ഘട്ടത്തിൽ 25ലധികം ഓട്ടോകൾ ടുക്സിയുടെ ഭാഗമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പറവൂർ നഗരസഭ ചെയർപേഴ്സൻ, വി.എ പ്രഭാവതി ഫ്ലാഗ് ഓഫ് ചെയ്ത് ടുക്സി സർവീസിന് തുടക്കം കുറിച്ചു. വൈസ് ചെയർപേഴ്സൻ എം.ജെ രാജുവും ചടങ്ങിൽ പങ്കെടുത്തു. നോർത്ത് പറവൂരിൽ ആദ്യമായാണ് ഇത്തരമൊരു ഓൺലൈൻ ടാക്സി സേവനം എത്തുന്നതെന്നും ഇത് സാധാരണക്കാരായ ജനങ്ങൾക്ക് ഏറെ സഹായകരമാണെന്നും വി.എ പ്രഭാവതി പറഞ്ഞു.

കൊച്ചി ഇൻഫോപാർക്ക് ആസ്ഥാനമാക്കി 2021 ൽ പ്രവർത്തനം ആരംഭിച്ച ടുക്സിയുടെ സേവനം ആദ്യ ഘട്ടത്തിൽ കൊച്ചിയിലായിരുന്നു ലഭിച്ചിരുന്നത്.

പിന്നീട് തിരുവനന്തപുരം, തൃശൂർ എന്നീ ജില്ലകളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുകയായിരുന്നു.

ICICI Home Finance | കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.

ശാഖ ഓഫീസ്: ഡബ്ല്യൂ മാൾ ബിൽഡിംഗ് , രണ്ടാം നില, വെസ്കോ ഹോംസ്, , കഞ്ഞിക്കുഴി, കോട്ടയം, 686004

പ്രൊവിസോ റൂൾ 8(6) കാണുക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ് റൂൾ 8(6) പ്രകാരമുള്ള ഇ- ലേല വിൽപ്പന.

വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ (ജാമ്യ വസ്തു) ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	ബാബു ജേക്കബ് (വായ്പ്പക്കാരൻ) ഗീത ബാബു (സഹ വായ്പ്പക്കാരൻ) ലോൺ അക്കൗണ്ട് NHKOM00000825005	പുൽപ്പാറയിൽ , മണ്ണത്തൂർ, കൂത്താട്ടുകുളം, എറണാകുളം 686667	Rs. 1,81,35, 899.98/- 18th Nov, 2022	Rs. 3,02,16,313/- / Rs. 30,21,640/-	14th Dec, 2022 11:00 AM- 03:00 PM	22th Dec, 2022 02:00 PM- 03:00 PM

ലേല ഏജൻസി ഓക്ഷൻ ടൈഗറിന്റെ **(യുആർഎൽ ലിങ്ക് https://sarfaesi.auctiontiger.net/EPROC)** വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് **21 ഡിസംബർ 2022 വൈകിട്ട് 5 മണി** വരെ മുഴുവൻ തുകയും തിരിച്ചടക്കുന്നതിനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം (ഇഎംഡി), ആർടിജിഎസ്/ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇ യിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി** ലിമിറ്റഡ്, ഡബ്ല്യൂ മാൾ ബിൽഡിംഗ് , രണ്ടാം നില, വെസ്കോ ഹോംസ്, , കഞ്ഞിക്കുഴി, കോട്ടയം, 686004 എന്ന വിലാസത്തിലേക്ക് **21 ഡിസംബർ 2022 വൈകിട്ട് 4 മണിക്കു** മുമ്പായി അയക്കേണ്ടതാണ്. ദയവായി ശ്രദ്ധിക്കുക, ലേലം വിളിക്കുന്നവർക്ക് വെബ്സൈറ്റ് വഴി ഓഫർ സമർപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ, ടെൻഡർ രേഖകളുടെ ഒപ്പിട്ട പകർപ്പ് **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഡബ്ല്യൂ മാൾ ബിൽഡിംഗ് , രണ്ടാം നില, വെസ്കോ ഹോംസ്, , കഞ്ഞിക്കുഴി, കോട്ടയം, 686004** എന്ന വിലാസത്തിലേക്ക് 21 ഡിസംബർ 2022 വൈകിട്ട് 5 മണിക്കു മുന്നായി അയക്കേണ്ടതാണ്. നിരതദ്രവ്യ തുക, ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈഡ്സ്/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന് - ലേലം കോട്ടയത്ത് മാറാവുന്ന വിധത്തിലായിരിക്കണം.

കൂടുതൽ വിശദാംശങ്ങൾക്കും, വസ്തു പരിശോധിക്കുന്നതിനെക്കുറിച്ചോ ടെൻഡർ സമർപ്പിക്കുന്നതിനെക്കുറിച്ചോ ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 7021072869** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

താഴെ ഒപ്പിട്ടിരിക്കുന്നഅംഗീകൃത ഓഫിസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദേശങ്ങൾക്കുമായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icicihfc.com/

തിയതി: നവംബർ 22, 2022
സ്ഥലം: എറണാകുളം

അംഗീകൃത ഓഫിസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്

റോഡ് സുരക്ഷാ ഫണ്ട്; ചെലവഴിക്കാതെ 127 കോടി

തൃക്കാക്കര: സംസ്ഥാനത്ത് റോഡ് അപകടങ്ങൾ അടിക്കടി വർധിച്ചുവരുന്ന സാഹചര്യത്തിൽ റോഡ് സുരക്ഷാ അതോറിറ്റിയിൽ ചിലവഴിക്കാതെ കെട്ടിക്കിടക്കുന്നത് 127 കോടി. സംസ്ഥാനത്ത് റോഡ് അപകടങ്ങൾ കുറക്കുക,റോഡുകൾ അപകട മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ സേഫ് കേരള പദ്ധതിയുടെ ഭാഗമായി 2017 ൽ സർക്കാർ രൂപീകരിച്ചതാണ് റോഡ് സുരക്ഷാ അതോറിറ്റി.ഗതാഗത വകുപ്പ് മന്ത്രിയാണ് ചെയർമാൻ. പൊതുമരാമത്ത് മന്ത്രി വൈസ്. ചെയർമാനുമായി രൂപീകരിച്ച സമിതിയിൽ.ചീഫ് സെക്രട്ടറി,നിയമ,ധനകാര്യ.ആരോഗ്യ,ആഭ്യന്തരം.തുടങ്ങി എല്ലാ വിഭാഗത്തിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരും അടങ്ങിയതാണ് റോഡ് സുരക്ഷാ അതോറിറ്റി.

റോഡ് സുരക്ഷാ കമ്മീഷണറുടെ പേരിലുള്ള ട്രഷറിയിലും,സ്റ്റേറ്റ് ബാങ്ക് അക്കൗണ്ടുകളിലുമായി 127,8237707.48 കോടിരൂപയാണ് ചിലവഴിക്കാതെ കെട്ടിക്കിടക്കുന്നത്. 2021 ജനുവരി ഒന്നുമുതൽ 2022 ജനുവരി ഒന്നുവരെ 40,46,33,391 രൂപ ചിലവഴിച്ചതായി വിവരാവകാശ പ്രവർത്തകൻ രാജു വാഴക്കാലക്ക് ലഭിച്ച വിവരാവകാശ രേഖയിൽ പറയുന്നു.എന്നാൽ എന്തെല്ലാം പദ്ധതികളാണ് ഈ കാലയളവിൽ നടപ്പിലാക്കിയതെന്ന് പറയുന്നുമില്ല. ആകെ ചിലവഴിച്ച തുക 40,46,33,391 കോടിയാണ്.

Edited, Printed and Published by R. Gopikrishnan, Chief Editor on behalf of M/s.Vaartha News Network Pvt.Ltd., V. Reji Kumar (Executive Editor), Vol 15, Issue No.317 RNI No. KERMAL/ 2009/ 29279, Printed at S.T. Reddiar Printers, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt. Ltd, 3rd Floor, KTDFC Bldg., (KSRTC Bus Stand) Angamaly P.O. Ernakulam - 683572. Ph: 0484 2383388 Email: info@metrovaartha.com